2007
ഒക്ടോബർ 27
ശനി

The First International Indian Newspaper
ഗൾഫ് മാധ്യമം

GULF MADHYAMAM GMYM 171 SATURDAY OCTOBER 27 , 2007 SHAWWAL 16, 1428. PAGE 16, ISSUE 3136

# പൊതുമാപ്പ്: ഔട്ട്പാസ് വാങ്ങിയവർ ഉടൻ നാട്ടിലേക്ക് മടങ്ങണം –അംബാസഡർ



**പൊതുമാപ്പ്
2007
ആഗസ്റ്റ് 1 –
ഡിസംബർ 31**

മനാമ: പൊതുമാപ്പ് പ്രഖ്യാപനത്തെ തുടർന്ന് എംബസിയിൽ നിന്ന് ഔട്ട്പാസ് വാങ്ങിയവർ എത്രയും പെട്ടെന്ന് നാട്ടിലേക്ക് മടങ്ങണമെന്ന് അംബാസഡർ ബാലകൃഷ്ണ ഷെട്ടി ആവശ്യപ്പെട്ടു. ഈ മാസം 25 വരെ 6761 ഔട്ട് പാസുകളാണ് നൽകിയത്. എന്നാൽ ഇത് കൈപ്പറ്റിയവരിൽ 2000ൽ താഴെ പേർ മാത്രമാണ് രാജ്യത്ത് നിന്ന് മടങ്ങിയിട്ടുള്ളത്. ഇത് ഗുരുതരമായ അവസ്ഥയാണ്. പൊതുമാപ്പിൻെറ അവസരം പ്രയോജനപ്പെടുത്താനാണ് ശ്രമിക്കേണ്ടതെന്നും ഇല്ലെങ്കിൽ ഗുരുതരമായ പ്രത്യാഘാതമാണ് ഉണ്ടാവുകയെന്നും ഓപൺ ഹൗസിന് ശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ അദ്ദേഹം വ്യക്തമാക്കി.

ഇപ്പോൾ തൊഴിൽ മന്ത്രാലയം, എംബസി, എൽ.എം. ആർ.എ തുടങ്ങിയവയിൽ നിന്ന് അനുകൂലമായ നടപടികൾ ലഭിക്കാൻ സൗകര്യമുണ്ട്. പുതിയ തൊഴിൽ നിയമങ്ങൾ തൊഴിലാളികൾക്ക് കൂടുതൽ ഗുണം ചെയ്യുമെന്നാണ് കരുതുന്നത്. നാട്ടിൽ നിന്ന് തന്നെ വിസ സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം വിദേശത്ത് ജോലിക്കെത്താമെന്നതാണ് പ്രത്യേകയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മിക്കവരുടെയും പ്രശ്നം വ്യക്തമായ കരാർ ഇല്ലാതെ ജോലിക്കെത്തിയതിൻെറ ഫലമായി സംഭവിച്ചതാണെന്ന് ഓപൺ ഹൗസിനിടെ അദ്ദേഹം ചൂണ്ടിക്കാട്ടി.

എവിടെയാണ് ജോലിയെന്നും അത് എന്താണെന്നും എത്ര ശമ്പളം ലഭിക്കുമെന്നും ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും മനസ്സിലാക്കാതെ ജോലിക്കായി രാജ്യത്തുനിന്ന് യാത്ര തിരിക്കരുത്. എന്ത് തെറ്റുകളും കുറ്റങ്ങളും ചെയ്ത ശേഷം സമീപിച്ചാൽ എംബസിക്ക് അവരെ സംരക്ഷിക്കാനാവില്ല. അനീതിക്ക് കൂട്ടുനിൽക്കാനുമാകില്ല. എംബസിയുടെ സൽപേരിന് കളങ്കം വരുത്തുന്ന ഒന്നും ചെയ്യില്ല. ഏതാനും പേർക്കുവേണ്ടി ബഹുഭൂരിപക്ഷം വരുന്നവരുടെ അവകാശത്തെ ഹനിക്കാൻ കഴിയില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

അംബാസഡർക്ക് പുറമെ സെക്കൻറ് സെക്രട്ടറി ആർ. രഘുനാഥൻ, ഐ.സി.ആർ.എഫ് ജനറൽ സെക്രട്ടറി സി.ആർ. നമ്പ്യാർ, സി.സി.ഐ.എ വൈസ് ചെയർമാൻ പി.പി. ബഷീർ, ജോൺ ഐപ്പ്, മാധവൻ കല്ലത്ത് തുടങ്ങിയവർ സന്നിഹിതരായിരുന്നു.